**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2052 06.02.2019-ൽ മറുപടിയ്ക്ക്

## ഇ-ഗസറ്റ് പ്രസിദ്ധീകരിക്കുന്നതിലെ തടസ്സം

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ശ്രീ.മോൻസ് ജോസഫ്:** | | | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) | കഴിഞ്ഞ നാലുമാസമായി ഇ-ഗസറ്റ് പ്രസിദ്ധീകരണം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു; ഇത്തരം അനാസ്ഥ കാട്ടിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. . ഇ-ഗസറ്റ് പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട് സി-ഡിറ്റുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം 2011 മുതൽ സി-ഡിറ്റിന് കുടിശ്ശിക ഇനത്തിൽ നൽകേണ്ട 23,69,311/- രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ ഇ-ഗസറ്റ് 43-ാം വാല്യത്തോടെ അവസാനിച്ചിരിക്കുകയാണോ; ഇ-ഗസറ്റ് പ്രസിദ്ധീകരിക്കുന്നത് നിർത്തൽ ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ; | | |
| (സി) | സർക്കാരിന്റെ ഏത് ഏജൻസിക്കാണ് ഓൺലൈൻ | | |

| | | | |
|---|---|---|---|
| | പബ്ളിക്കേഷന്റെ ചുമതല; ഇവരുടെ കരാർ നിർത്തലാക്കിയിട്ടുണ്ടോ; ഇവർക്ക് ഫണ്ട് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര വർഷത്തെ കുടിശ്ശിക വരുത്തിയിട്ടുണ്ട്; എത്ര രൂപയുടെ കുടിശ്ശികയാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ; ആയതിന്റെ കാരണം വിശദമാക്കാമോ; | | |
| (ഡി) | അടുത്ത ഇ-ഗസറ്റ് എന്നത്തേക്ക് പ്രസിദ്ധീകരിക്കും എന്നറിയിക്കാമോ; ആയത് നിർത്തൽ ചെയ്തിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇത് സംബന്ധിച്ചുള്ള അനിശ്ചിതത്വം അവസാനിപ്പിക്കുന്നതിന് വകുപ്പുതലത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ? | (ഡി) | ഇ-ഗസറ്റ് തടസമില്ലാതെ പ്രസിദ്ധീകരിക്കുന്നതിന്, ആവശ്യമായ നടപടികൾ സ്വീകരിക്കാൻ, അച്ചടി വകുപ്പ് ഡയറക്ടർ സി-ഡിറ്റ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ